## കേരള സർക്കാർ

### സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - വല്ലച്ചിറ ഗ്രാമപഞ്ചായത്ത് - 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

### തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**ജി.ഒ (ആർ.ടി) നം.1908//13/തസ്വഭവ. തിരുവനന്തപുരം, തീയതി:19/07/2013**

---

പരാമർശം:-1) 26/07/2012-ലെ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ h-935/12 നമ്പർ കത്ത്.

2) 27/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-4924/P.T2/13 നമ്പർ കത്ത്.

3) 07/05/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-4220/13 നമ്പർ കത്തും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27/12/2012-ലെ 8(1) നമ്പർ തീരുമാനവും.

### <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം അഞ്ജലി കുടുംബശ്രീ സ്വയം സഹായ സംഘത്തിലെ വനിതകൾക്ക് 98,750/- രൂപ ചെലവിൽ പവർ ടില്ലർ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സൂചന 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ 27/12/2012-ലെ 8(1) തീരുമാന സഹിതം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് തടസ്സപ്പെടുത്തിയ മുൻ ഖണ്ഡികയിൽ പരാമർശിച്ച ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതല്ലായെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അഞ്ജലി കുടുംബശ്രീ സംഘം ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സംഘത്തിലെ വനിതകൾ സ്ഥലം പാട്ടത്തിനെടുത്തു നെൽകൃഷി ചെയ്തു വരുന്നതിനാലാണ് സംഘത്തെ കർഷക സംഘമായി പരിഗണിച്ചിട്ടുള്ളതെന്നും പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വല്ലച്ചിറ

ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ അഞ്ജലി കുടുംബശ്രീ സംഘത്തിന് 98,750/- (തൊണ്ണൂറ്റിയെട്ടായിരത്തി എഴുന്നൂറ്റി അമ്പത് രൂപാ മാത്രം) രൂപയ്ക്ക് പവർ ടില്ലർ വാങ്ങി നൽകിയ നടപടിയ്ക്ക് ഇനി ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന താക്കീതോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ